(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പ്രാതിനിധ്യം ലഭിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നുള്ള ഫെല്ലോ തസ്തിക അടിയന്തിര മായി നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ബോർഡ് പുനഃസംഘടിപ്പിച്ച് പ്രവർത്തനം ഊർജ്ജിതമാ ക്കുന്നതോടെ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

126 [493] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ എത്രയാണ്;

(സി) ഈ അപകടങ്ങളിൽ മരണപ്പെടുന്നവർ എത്രയാണെന്ന് കണക്കാക്കിയി ട്ടുണ്ടോ; ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം നൽകാമോ;

(ഡി) അപകടങ്ങളിൽ ബസ്, ലോറി, കാർ, മറ്റ് വാഹനങ്ങൾ എന്നിവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ഇ) ഈ അപകടങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടു ന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) കാലപ്പഴക്കമുള്ള വാഹനങ്ങളും അമിത വേഗതയുമാണ് ബസപകട ങ്ങൾക്ക് കാരണം എന്നതു കണക്കിലെടുത്ത് ഇവ നിയന്ത്രിക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വാഹനാപകടങ്ങൾക്ക് കുറവ് വരുത്തുന്നതിന് വേണ്ടി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനത്തിന് സർക്കാർ ഊന്നൽ നൽകി വരികയാണ്. വാഹന പരിശോധന കൂടുതൽ ശക്തമാക്കുന്നതിന് എല്ലാ ജില്ലകൾക്കും പ്രത്യേക സ്ക്വാഡുകൾ അനുവദിച്ചിട്ടുണ്ട്. ഓവർ സ്പീഡും, മദ്യപിച്ച് വാഹനം ഓടിക്കുന്നതും കണ്ടുപിടിക്കുന്നതിനുവേണ്ടി സ്പീഡ് ഡിറ്റക്ടിംഗ് റഡാറുകളും ബ്രീത്ത് അനലൈസറുകളും വാങ്ങുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നു. കൂടാതെ റോഡ് സുരക്ഷാ അവബോധം ഉളവാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് 10 സ്കൂൾ/കോളേജുകളിലായി റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ പാഠ്യ പദ്ധതിയിൽ റോഡു സുരക്ഷാ പാഠഭാഗങ്ങൾ ഉൾപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ച് നിയമ സാധുത കൊടുക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) 20-5-2001 മുതൽ 31-12-2001 വരെ 23886-ഉം, 1-1-2002 മുതൽ 31-12-2002 വരെ 38762-ഉം 1-1-2003 മുതൽ 30-11-2003 വരെ 35859-ഉം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഉണ്ട്.

(ഇ) 3138

(എഫ്) സ്വീകരിച്ചുവരുന്നു.

തലസ്ഥാന നഗരത്തിലെ ഗതാഗത പരിഷ്കരണം

127 [494] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിലെ ഗതാഗത സംവിധാനത്തിൽ ആധുനിക വൽക്കരണത്തിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് ഗതാഗത വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly